"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ആലപ്പുഴ ജില്ലയിലെ തുക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.മണിക്കുട്ടൻ എം മകൾക്ക് വൃക്കദാനം ചെയ്തതുമായി ബന്ധപ്പെട്ട് ചെലവായ തുക അനുവദിച്ച് നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1719/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 09/09/2021

---

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 08.01.2020 -ലെ PAN/14951/2019 - F2(DP) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ തുക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.മണിക്കുട്ടൻ എം തന്റെ മകൾക്ക് വൃക്കദാനം ചെയ്തതുമായി ബന്ധപ്പെട്ട് കൊച്ചി ലേക്ഷോർ ആശുപത്രിയിൽ 05.06.2019 മുതൽ 09.09.2019 വരെയുള്ള കാലയളവിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിനായി സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത് മേൽ പരാമർശ പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. അപേക്ഷയും അനുബന്ധ രേഖകളും സർക്കാർ വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ തുക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.മണിക്കുട്ടൻ എം തന്റെ മകൾക്ക് വൃക്കദാനം ചെയ്തതുമായി ബന്ധപ്പെട്ട് കൊച്ചി ലേക്ഷോർ ആശുപത്രിയിൽ 05.06.2019 മുതൽ 09.09.2019 വരെയുള്ള കാലയളവിൽ നടത്തിയ ചികിത്സയ്ക്ക്, ഇതൊരു സ്പെഷ്യൽ കേസ് ആയി പരിഗണിച്ച് 1960-ലെ KGSMA നിയമത്തിൽ ഇളവ് നൽകികൊണ്ട് എക്സ്പോസ്റ്റ് ഫാക്ടോ അനുമതി നൽകിയും ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമാണെന്ന് സാക്ഷ്യപ്പെടുത്തിയ തുകയായ 1,74,862/- രൂപയുടെ 80% ആയ 1,39,890/- രൂപ (ഒരു ലക്ഷത്തി മുപ്പത്തി ഒൻപതിനായിരത്തി എണ്ണൂറ്റി തൊണ്ണൂറ് രൂപ മാത്രം ) മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ഇനത്തിൽ തുക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അപേക്ഷകനായ ശ്രീ.മണിക്കുട്ടൻ എം. - ന് അനുവദിച്ചു നൽകുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

1. ശ്രീ.മണിക്കുട്ടൻ എം, അസിസ്റ്റന്റ് സെക്രട്ടറി, തുക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ ജില്ല (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (അപേക്ഷയും അനുബന്ധങ്ങളും സഹിതം)
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. ആരോഗ്യ വകുപ്പ് (29.09.2020 - ലെ G2/684/2020/H&FWD നമ്പർ യു.ഒ. റിമാർക്സ് പ്രകാരം)
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sudheer S S

Date: 09-09-2021 17:51:46

Reason: Approved

സെക്ഷൻ ഓഫീസർ